പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **2583** 09/07/2015-ൽ മറുപടിയ്ക്ക്

പള്ളിക്കാമണ്ണടി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മീനാട്, ആദിച്ചനെല്ലൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പള്ളിക്കമെണ്ണടിപാലം അപ്രോച്ച് റോഡ് നിർമ്മാണ ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എന്നാണ് ആരംഭിച്ചത്; ഇപ്പോൾ എത്ര വർഷമായി;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) പള്ളിക്കമെണ്ണടി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിന് 09-04-2013 -ലെ ജി.ഒ. (ആർ.ടി) 2031/13/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ട് മൂന്നേമുക്കാൽ വർഷം ആകുന്നു.

(ബി) 1894-ലെ പൊന്നുംവില നിയമം 4(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം, 1961-ലെ കേരള സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് വകുപ്പ് 6(1) പ്രകാരമുള്ള പരസ്യം എന്നിവ 30-05-2013-ലെ 1508-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. തുടർന്ന് സർവ്വേ നടപടികൾ പൂർത്തീകരിച്ച് മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 37.33 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പൊന്നുംവില നിയമം 6-ാം വകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം 23-06-2014-ലെ കേരള അസാധാരണ ഗസറ്റിൽ

പ്രസിദ്ധപ്പെടുത്തി. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനവില 21-02-2015-ൽ ജില്ലാ കളക്ടർ അംഗീകരിക്കുകയും ടി വിലയുടെ അടിസ്ഥാനത്തിൽ 03-03-2015-ന് ജില്ലാതല പർച്ചേസ് കമ്മിറ്റി (DLPC) യോഗം ചേർന്ന് ഭൂവുടമ കളുമായി ചർച്ച നടത്തിയിട്ടുള്ളതുമാണ്. DLPC മുന്നോട്ട് വച്ച സ്ഥലവില ആകെയുള്ള 23 ഭൂവുടമകളിൽ 8 പേർ മാത്രമാണ് അംഗീകരിച്ച് ഭൂമി വിട്ടുതരുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുള്ളത്.

(സി) നിലവിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; അവ പരിഹരിക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി എന്നത്തേക്ക് ഭൂമി കൈമാറുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

(സി) & (ഡി) കേന്ദ്ര സർക്കാറിന്റെ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേനയല്ലാതെ ഭൂമി ഏറ്റെടുക്കൽ സാദ്ധ്യമല്ല. ഡി. എൽ. പി. സി. മുന്നോട്ടു വച്ച സ്ഥലവില ഭൂരിപക്ഷം ഭൂവുടമകളും അംഗീകരിക്കാത്ത സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ആയതിനാൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ചതിന് ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.